**Paper Code No : 48**

**A**

# HIGHER SECONDARY
# HALF YEARLY EXAMINATION 2017
# Business Studies With Functional Management

Maximum : 80 Scores

Time : 2½ hrs

HSE - XI

Cool off Time : 15 minutes

**General instructions to candidates:**

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hours.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനുമുള്ളതാണ്.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കാൻ പാടില്ല.

**Answer the following questions from 1 to 6. Each carries 1 score**

1. Which among the following is an example of 'Natural Cause of Business Risk'.
   a) Strike  b) Theft
   c) Earthquake  d) Taxation

2. Find the odd one with regard to e-business.
   a) Convenience
   b) High speed
   c) Global access
   d) Personal touch

3. Public Sector Enterprises [PSEs] consist of various organisations owned and managed by ________.
   a) HUF  b) Government
   c) Private sector  d) Foreign companies

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം**

1. താഴെ തന്നിരിക്കുന്നവയിൽ ബിസിനസ്സ് നഷ്ടത്തിന്റെ പ്രകൃതിദത്ത കാരണം ഏത്?
   a. പണിമുടക്ക്  b. മോഷണം
   c. ഭൂകമ്പം  d. നികുതി

2. ഇ-ബിസിനസ്സുമായി ബന്ധിപ്പിച്ച് വേറിട്ടത് കണ്ടെത്തുക.
   a. സൗകര്യം
   b. അതിവേഗത
   c. ആഗോളവിപണി
   d. വ്യക്തിപരമായ ബന്ധം

3. പൊതുമേഖലാസ്ഥാപനങ്ങൾ ________ ന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ്.
   a. എച്ച്.യു.എഫ്  b. ഗവൺമെന്റ്
   c. സ്വകാര്യമേഖല  d. വിദേശകമ്പനികൾ

4. The smallest unit of the capital of a company is called ______.
   a) Dividend  b) Profit
   c) Debenture  d) Share

5. Business ethics is important for ______.
   a) Top level management
   b) Middle level management
   c) Lower level management
   d) All of them

6. Beena purchased a mobile phone through an online portal. Identify the mode of business mentioned here.

**Answer the following questions from 7 to 10. Each carries 2 score.**

7. Identify the e-business models to which the following transactions belongs to:
   i) Kripa downloaded movie from Movie Maker on payment of a price.
   ii) AravindAsssociates placed an order with M/S Balaji Ltd through online.

8. Classify the following economic activities under appropriate heads.
   i) Binu, a Chartered Accountant working as Finance Manager in Hindustan Corporation Ltd.
   ii) Chandran is a leading advocate in Ernakulam, practicing in High Court.

9. "Multi National Corporation has comparative advantage over other types of business organisations". Discuss.

10. What do you understand by 'Legal social responsibility' of business?

4. ഒരു കമ്പനിയുടെ മൂലധനത്തിന്റെ ഏറ്റവും ചെറിയ ഭാഗത്തെ ______ എന്നു പറയുന്നു.
   a. ലാഭവിഹിതം  b. ലാഭം
   c. കടപത്രം  d. ഓഹരി

5. ബിസിനസ്സ് ധാർമികത പ്രാധാന്യമാകുന്നത് ______ നാണ്.
   a. ഉന്നതതല മാനേജ്മെന്റ്
   b. മധ്യതല മാനേജ്മെന്റ്
   c. കീഴ്തല മാനേജ്മെന്റ്
   d. ഇവയെല്ലാം

6. ഓൺലൈൻ സംവിധാനത്തിലൂടെ ബീന ഒരു മൊബൈൽ ഫോൺ വാങ്ങുന്നു. ഇവിടെ ഉപയോഗിച്ച ബിസിനസ്സ് രീതി ഏതാണ്?

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.**

7. താഴെ തന്നിരിക്കുന്ന ബിസിനസ്സ് ഇടപാടുകൾ ഏത് ഇ-ബിസിനസ്സ് മാതൃകയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സൂചിപ്പിക്കുക.
   i. കൃപ, മൂവിമേക്കർ സംവിധാനം ഉപയോഗിച്ച് പണം നൽകി സിനിമ ഡൗൺലോഡ് ചെയ്തു.
   ii. അരവിന്ദ് അസോസിയേറ്റ്സ്, ബാലാജി ലിമിറ്റഡിൽ നിന്ന് ഓൺലൈനായി സാധനം ഓർഡർ ചെയ്തു.

8. താഴെ തന്നിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ അനുയോജ്യമായി തരംതിരിക്കുക.
   i. ബിനു, ഹിന്ദുസ്ഥാൻ കോർപ്പറേഷൻ ലിമിറ്റഡിൽ ഫിനാൻസ് മാനേജരായി ജോലി ചെയ്യുന്നു.
   ii. ചന്ദ്രൻ, എറണാകുളത്തെ പ്രസിദ്ധനായ വക്കീലാണ്. ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു.

9. "ബഹുരാഷ്ട്ര കമ്പനികൾ മറ്റുള്ള ബിസിനസ്സ് സ്ഥാപനങ്ങളേക്കാൾ മേന്മയുള്ളവയായി കരുതപ്പെടുന്നു." ചർച്ച ചെയ്യുക.

10. ബിസിനസ്സിന്റെ നിയമപരമായ സാമൂഹ്യപ്രതിബദ്ധത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

11. Match the following. (1 score each - total 4 score)

| Services | Types of Hindrances |
|---|---|
| a. Warehousing | a. Hindrance of place |
| b. Transportation | b. Hindrance of risk |
| c. Insurance | c. Hindrance of knowledge |
| d. Advertisement | d. Hindrance of time |

**Answer any 3 questions from 12 to 15. Each carries 3 score.**

12. "Protection of the Environment is essential for all of us." Comment.
13. 'The Government of India sold around 15% of shares of Cochin Shipyard Ltd. , formerly a wholly owned Government Company'. Identify the term used to mention the above policy of Government. Also explain any two objectives of this policy?
14. Explain any three limitations of sole proprietorship?
15. Write three arguments favouring social responsibility of business?

**Answer any 3 questions from 16 to 19. Each carries 4 score.**

16. "Profit is regarded as the essential objective of business for several reasons". Describe any four.
17. M/S Deva Kiran Brothers wants to store the produced goods upto consumption. Name the service available to them. List the functions of this business service?
18. List out the documents required for the incorporation of a company.

11. ചേരുംപടി ചേർക്കുക. (1 സ്കോർ വീതം - ആകെ 4 സ്കോർ)

| സേവനങ്ങൾ | തടസ്സങ്ങൾ |
|---|---|
| a. വെയർഹൗസിങ് | a. സ്ഥലപരമായ തടസം |
| b. ഗതാഗതം | b. നഷ്ടസാധ്യത |
| c. ഇൻഷുറൻസ് | c. അറിവുപരമായ തടസം |
| d. പരസ്യങ്ങൾ | d. സമയപരമായ തടസം |

**12 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം**

12. "പരിസ്ഥിതി സംരക്ഷിക്കേണ്ടത് നമുക്കെല്ലാം അത്യന്താപേക്ഷിതമാണ്. ഈ പ്രസ്താവന സാധൂകരിക്കുക.
13. മുൻപ് പൂർണ്ണമായും സർക്കാർ കമ്പനിയായിരുന്ന കൊച്ചിൻ ഷിപ്പിയാർഡിന്റെ 15 ശതമാനത്തോളം ഓഹരികൾ ഇന്ത്യ ഗവൺമെന്റ് വിൽക്കുകയുണ്ടായി. ഇതിനിടയാക്കിയ സർക്കാർ നയത്തെ സൂചിപ്പിക്കുന്ന പദം ഏതാണ്? ഈ നയത്തിന്റെ 2 ഉദ്ദേശങ്ങൾ വിശദീകരിക്കുക.
14. ഏക ഉടമസ്ഥതാബിസിനസ്സിന്റെ ഏതെങ്കിലും മൂന്ന് ദോഷങ്ങൾ വിവരിക്കുക.
15. ബിസിനസ്സിന് സാമൂഹ്യപ്രതിബന്ധത അനിവാര്യമാണ് എന്ന് വിശദീകരിക്കുന്ന ഏതെങ്കിലും മൂന്ന് വാദഗതികൾ എഴുതുക.

**16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.**

16. പല കാരണങ്ങളാൽ, ലാഭം ബിസിനസ്സിൽ അതിപ്രധാനമാണ്. ഏതെങ്കിലും 4 കാരണങ്ങൾ വിശദീകരിക്കുക.
17. ദേവ കിരൺ ബ്രദേഴ്സ് എന്ന സ്ഥാപനത്തിന് ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിപണനം വരെ സൂക്ഷിച്ചുവയ്ക്കണം. ഇതിനായി ലഭ്യമായ ബിസിനസ്സ് സേവനം ഏതാണ്? ഈ സേവനത്തിന്റെ ധർമ്മങ്ങൾ പട്ടികപ്പെടുത്തുക.
18. ഒരു കമ്പനിയുടെ രജിസ്ട്രേഷനാവശ്യമായ രേഖകൾ ഏതെല്ലാം?

19. Give any four limitations of Joint Hindu Family Business?

**Answer any 5 questions from 20 to 25. Each carries 5 score.**

20. Describe the major social responsibilities of business towards Owners, Consumers and Government?
21. Evaluate the benefits of Outsourcing (BPO)?
22. 'Business can achieve unexpected gains through Joint Ventures'. Give reasons.
23. Briefly explain any five important factors to be considered while starting a business?
24. Describe the services provided by "Farmer's Co-operative Societies" to the members?
25. Explain the benefits of e-banking.

**Answer any 2 questions from 26 to 28. Each carries 8 score.**

26. 'This is the form of public enterprise which is established as a department of the ministry, headed by a Minister'- Identify the organisation and state its merits and demerits.
27. Partnership form of organisation has certain merits and demerits. Discuss.
28. What is Insurance? Explain any five fundamental principles of it?

19. ഹിന്ദു കൂട്ടു കുടുംബ ബിസിനസ്സിന്റെ ഏതെങ്കിലും 4 പോരായ്മകൾ പറയുക.

**20 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.**

20. ഉടമസ്ഥർ, ഉപഭോക്താക്കൾ, സർക്കാർ എന്നിവയോടുള്ള ബിസിനസ്സിന്റെ സാമൂഹ്യപ്രതിബദ്ധത വിശദീകരിക്കുക.
21. ബിസിനസ്സിലെ പുറംകരാർ സേവനത്തിന്റെ ഗുണങ്ങൾ വിലയിരുത്തുക.
22. 'സംയുക്ത സംരംഭങ്ങളിലൂടെ ബിസിനസ്സിന് അപ്രതീക്ഷിത നേട്ടങ്ങൾ ഉണ്ടാക്കാനാവും.' കാരണം പറയുക.
23. ഒരു പുതിയ ബിസിനസ്സ് സംരംഭം ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട 5 ഘടകങ്ങൾ വിശദീകരിക്കുക.
24. ഫാർമേഴ്സ് സഹകരണ സംഘങ്ങൾ കൃഷിക്കാർക്ക് നൽകുന്ന സേവനങ്ങൾ വിശദീകരിക്കുക.
25. ഇ-ബാങ്കിങ്ങിന്റെ നേട്ടങ്ങൾ പരാമർശിക്കുക.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം.**

26. 'ഒരു മന്ത്രിസഭയിലെ, ഒരു മന്ത്രിയുടെ ചുമതലയിലുള്ള വകുപ്പായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണിത്' - ഏതാണ് ഈ സ്ഥാപനം. ഗുണങ്ങളും ദോഷങ്ങളും പ്രസ്താവിക്കുക.
27. പാർട്ണർഷിപ്പ് രൂപത്തിലുള്ള ബിസിനസ്സ് സ്ഥാപനത്തിന് ചില ഗുണങ്ങളും ദോഷങ്ങളുമുണ്ട്. ചർച്ച ചെയ്യുക.
28. ഇൻഷുറൻസ് എന്നാലെന്ത്? ഇതിന്റെ ഏതെങ്കിലും 5 അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുക.